അൺ എയിഡഡ് സ്കൂളുകളിൽ വാർഷിക പരീക്ഷ എഴുതുന്നതിന് ആവശ്യമായ ഉത്തരവ്

29 (3668)ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളിൽ 4,5,6 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 1999-2000 അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷ മുൻ വർഷത്തെപ്പോലെ തന്നെ അതാത് സ്കൂളുകളിൽ എഴുതുന്നതിന് ആവശ്യമായ ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേരള അൺ എയിഡഡ് സ്കൂൾസ് അസോസിയേഷൻ ഫയൽ ചെയ്ത കേസ്സിൽ ഹൈക്കോടതിയുടെ വിധി ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഹൈക്കോടതി വിധി നടപ്പാക്കുന്നതിനും വിധിന്യായത്തിൽ പറയും പ്രകാരം വിദ്യാർത്ഥികളുടെ പരീക്ഷയെഴുതുന്നതിനും അനുമതി നൽകികൊണ്ട് ആവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി) ഹൈക്കോടതിയുടെ ഉത്തരവുണ്ടായിട്ടുണ്ട്.

(സി) കേസിൽ കക്ഷി ചേർന്നവർക്ക് ഈ വർഷത്തേയ്ക്കു മാത്രം അതാതു സ്കൂളിൽ വച്ച് പരീക്ഷ എഴുതാമെന്നും 2000-2001 മുതൽ പ്രൈവറ്റ് സ്റ്റഡി അനുവദിക്കുന്നത് കെ.ഇ.ആർ. വ്യവസ്ഥകൾക്കു വിധേയമായിരിക്കണമെന്നും പ്രത്യേക അനുമതി ആർക്കും നൽകരുതെന്നും ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.

(ഡി & ഇ) പരീക്ഷ എഴുതുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പുകൾ

30 (3669) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പുകൾക്ക് ഇപ്പോൾ എത്ര തുകയാണ് നൽകിവരുന്നത് ;

(ബി) സ്കോളർഷിപ്പ് ലഭിച്ച എത്ര പേർക്ക് എത്ര വർഷത്തെ കുടിശ്ശികയാണ് ബാക്കിയുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പ് സംഖ്യ ആയിരം രൂപയാക്കാൻ സർക്കാർ നടപടി എടുക്കുമോ ?

ഉത്തരം

(എ) എൽ. എസ്. എസ്. സ്കോളർഷിപ്പിന് 100 രൂപയും, യു. എസ്. എസ്. സ്കോളർഷിപ്പിന് 150 രൂപയും വീതമാണ് ഇപ്പോൾ നൽകിവരുന്നത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പരിഗണനയിൽ ഇല്ല.

ഹയർ സെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സർക്കാർ സാമ്പത്തിക സഹായം

31 (3671) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സർക്കാർ സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇനിയും കമ്പ്യൂട്ടറുകൾ ഇല്ലാത്ത ഹയർ സെക്കന്ററി സ്കൂളുകൾ സംസ്ഥാനത്ത് ഉണ്ടോ ;

(ഡി) എങ്കിൽ അവിടെ കമ്പ്യൂട്ടറുകൾ എത്തിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. 14-3-2000-ലെ ജി. ഒ. (എം. എസ്)/93/2000 പൊ.വി. പ്രകാരം കമ്പ്യൂട്ടർ സയൻസ് പഠിപ്പിക്കുന്ന നിലവിലുള്ള 67 ഹയർ സെക്കന്ററി സ്കൂളുകളിൽ കമ്പ്യൂട്ടർ വാങ്ങുന്നതിനുവേണ്ടി 50,25,000 രൂപ (അമ്പതുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്ലസ്ടു കോഴ്സിന് അഡ്മിഷൻ

32 (3672) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. ക്ക് മൂന്നുറ് മാർക്കിൽ കൂടുതൽ ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്ലസ്ടു കോഴ്സിന് അഡ്മിഷൻ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly